മിനിമം ഗ്യാരണ്ടി വച്ച വർക്കുകം

202 [218] ശ്രീ. സി. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഇപ്പോഴും മിനിമം ഗ്യാരണ്ടിവെച്ച എത്ര വർക്കുകംക്കു കണക്ഷൻ കൊടുക്കാൻ ബാക്കിയുണ്ടെന്ന് വ്യക്തമാക്കുമോ :

(ബി) പാലക്കാട് ജില്ലയിൽ ചിറ്റൂർ ഡിവിഷനിൽ മിനിമം ഗ്യാരണ്ടിവെച്ച് എത്ര വർക്കുകം ചെയ്തുതീർക്കുവാനുണ്ട് ;

(സി) ചിറ്റൂർ ഡിവിഷനിൽ മിനിമം ഗ്യാരണ്ടി വെച്ചവർക്കുകളുടെ പേരും അവ ഓരോന്നിന്റെയും എസ്റ്റിമേറ്റ് സംഖ്യ എത്രയാണെന്നും മുൻഗണനാക്രമത്തിൽ വ്യക്തമാക്കുമോ?

ഉത്തരം

(എ) 5723 എണ്ണം.

(ബി) ചിറ്റൂർ ഡിവിഷനിൽ മിനിമം ഗ്യാരണ്ടി എഗ്രിമെന്റനുസരിച്ച് ചെയ്തുതീർക്കാനുള്ള ജോലികം 143 എണ്ണം.

(സി) വിശദമായ വിവരം ശേഖരിച്ചുവരുന്നു.

പുതിയ ട്രെയിൻ സർവ്വീസുകം

203 [219] ശ്രീ. വി. വി. ജോസഫ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കൊല്ലം പുതിയ ട്രെയിൻ സർവ്വീസുകം കേരളത്തിൽ ആരംഭിക്കില്ലെന്നുള്ള ദക്ഷിണറെയിൽവെ ജനറൽമാനേജരുടെ പ്രസ്താവന സർക്കാറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എന്തു നടപടി സ്വീകരിച്ചു;

(സി) നിലവിലുള്ള തീവണ്ടികളിൽ കൂടുതൽ ബോഗികം കൂട്ടിച്ചേർക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) എറണാകുളം-ആലപ്പുഴ തീവണ്ടിലൈനിന്റെ പണി എന്നു പൂർത്തിയാവും;

(ഇ) കൊച്ചി-മധുര റെയിൽവെ തുടങ്ങുവാൻ ഈ ഗവൺമെന്റ് എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ''എ'' യുടെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(സി) പൊതുവെ ബോഗികളുടെ എണ്ണം വർദ്ധിപ്പിക്കുവാനും പുതിയ ബോഗികം ഇടണമെന്നും, നല്ല ബോഗികം ഇടണമെന്നും പുതിയ തീവണ്ടികം തുടങ്ങണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) 1987 ഡിസംബറോടുകൂടി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) 14-6-1984-ൽ അന്നത്തെ കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രി കേരളം സന്ദർശിച്ചപ്പോൾ സംസ്ഥാനസർക്കാർ അദ്ദേഹത്തിനു സമർപ്പിച്ച നിവേദനത്തിലൂടെ ഈ ലൈനിന്റെ കാര്യം കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി.

വിഭവലഭ്യതയുടെ അപര്യാപ്തതമൂലം നിലവിലുള്ള പദ്ധതികൾ പൂർത്തിയാക്കുന്നതിനാണ് പ്രാധാന്യം കൊടുത്തിട്ടുള്ളതെന്നും പുതിയ ലൈനുകൾ ഏറ്റെടുക്കുന്ന കാര്യം തൽക്കാലം പരിഗണിക്കാൻ നിർവ്വാഹമില്ലെന്നും കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്.

കരിനിലമേഖലയെ പ്രത്യേക കാർഷികമേഖലയാക്കാൻ നടപടി

204 [220] ശ്രീ. വി. ദിനകരൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴ, പുറക്കാട്, തകഴി, കരുവാറ്റ എന്നീ പഞ്ചായത്തുകളിൽ വ്യാപിച്ചുകിടക്കുന്ന കരിനിലമേഖലയെ ഒരു പ്രത്യേക കാർഷിക മേഖലയാക്കണമെന്ന ആവശ്യം ഉന്നയിക്കപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ സമീപനം എന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഈ കരിനിലമേഖലയിലെ വിവിധ കർഷക സംഘടനകളുടേയും രാഷ്ട്രീയപ്പാർട്ടികളുടേയും നിവേദനം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ട്.

(ബി) കരിനിലമുൾപ്പെടെയുള്ള കുട്ടനാടൻ മേഖലയ്ക്കുവേണ്ടി, ഡച്ചു സഹായത്തോടെ ഒരു ജലസന്തുലന പഠനം നടത്തുന്നതിനുള്ള എല്ലാ ക്രമീകരണങ്ങളും ചെയ്തുകഴിഞ്ഞു. ആ പഠനം പൂർത്തിയായശേഷമേ വ്യക്തമായ എന്തെങ്കിലും തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ.

കാറ്റുവീഴ്ച, വേരുചീയൽ എന്നിവമൂലം നശിച്ചുപോയ തെങ്ങുകൾ

205 [221] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 4 വർഷങ്ങളിലായി കേരളത്തിൽ കാറ്റുവീഴ്ച, വേരുചീയൽ എന്നീ രോഗങ്ങൾകാരണം നശിച്ചുപോയ തെങ്ങുകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ?

ഉത്തരം

(എ) രോഗംമൂലം നശിച്ചുപോയ തെങ്ങുകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly